മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മെയ് 6

## വാർത്താക്കുറിപ്പ്

---

## എം.ജി. യിൽ മൂന്ന് പദ്ധതികളുടെ ഉദ്ഘാടനം തിങ്കളാഴ്ച്ച (മെയ് 9)

സംസ്ഥാനങ്ങളിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള കേന്ദ്രധനസഹായ പദ്ധതിക്ക് (ആർ.യു.എസ്.എ.) കീഴിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സ്ഥാപിച്ച എം.ജി. സർവ്വകലാശാല ഇന്നൊവേഷൻ ഫൗണ്ടേഷന് കീഴിലുള്ള വിവിധ ഹബ്ബുകളുടെയും സർവ്വകലാശാല സേവനങ്ങൾ ത്വരിതഗതിയിലാക്കുന്നതിനായി നടപ്പാക്കിയ ടാബുലേഷൻ രജിസ്റ്ററുകളുടെ ഡിജിറ്റൈസേഷൻ-ഡിജിആർക്കൈവ് പദ്ധതിയുടെയും ഉദ്ഘാടനം മെയ് ഒൻപതിന് രാവിലെ 9.30 ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു നിർവ്വഹിക്കും. സർവ്വകലാശാലയിൽ പുതുതായി സജ്ജീകരിച്ചിട്ടുള്ള ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിന്റെ ഉദ്ഘാടനം
ചടങ്ങിൽ സഹകരണ - രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ. വാസവനും നിർവ്വഹിക്കും.

സർവ്വകലാശാല അസംബ്ലിഹാളിൽ മന്ത്രി വി.എൻ. വാസവന്റെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ തോമസ് ചാഴികാടൻ എം.പി. മുഖ്യപ്രഭാഷണം നടത്തും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സ്വാഗതം ആശംസിക്കുന്ന ചടങ്ങിൽ പ്രോ-വൈസ് ചാൻസലർ സി.റ്റി. അരവിന്ദകുമാർ റിപ്പോർട്ട് അവതരിപ്പിക്കും. ആർ.യു.എസ്.എ. പദ്ധതിയുടെ സംസ്ഥാന കോ-ഓർഡിനേറ്റർ വി. വിഘ്നേശ്വരി, നോഡൽ ഓഫീസർ ഡോ. ജഗൻ സെബാസ്റ്റ്യൻ ജോർജ്, അതിരമ്പുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബിജു വലിയമല, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സക്കറിയ, ഡോ. എ. ജോസ്, ഡോ. റോബിനറ്റ് ജേക്കബ് എന്നിവർ സംസാരിക്കും. രജിസ്ട്രാർ പ്രൊഫ. പ്രകാശ്കുമാർ ബി. നന്ദി പറയും.

ആർ.യു.എസ്.എ. പദ്ധതിക്ക് കീഴിൽ 75 കോടി രൂപ ചെലവഴിച്ചാണ് ഇന്നൊവേഷൻ ഫൗണ്ടേഷന് കീഴിൽ ഹബ്ബുകൾ സജ്ജീകരിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ നിന്നുള്ള 1.43 കോടി രൂപ ചെലവഴിച്ചാണ് പരീക്ഷാ വിഭാഗത്തിലെ 17,824 ടാബുലേഷൻ രജിസ്റ്ററുകളിലെ 12 ലക്ഷത്തിലധികം പേജുകളുടെ ഡിജിറ്റൈസേഷൻ പദ്ധതി-ഡിജിആർക്കൈവ് പൂർത്തീകരിച്ചത്. ഒരേ സമയം 100 വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതാൻ സൗകര്യമുള്ള സർവ്വകലാശാല ഡയറക്ടറേറ്റ് ഓഫ് അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് (ഡി.എ.എസ്.പി.) ന് കീഴിലുള്ള ഓൺലൈൻ പരീക്ഷാ കേന്ദ്രം പാലക്കാട് ഐ.ടി.ഐ ലിമിറ്റഡിന്റെ സാങ്കേതിക സഹായത്തോടെ 1.1 കോടി രൂപ ചെലവഴിച്ചാണ് നിർമ്മിച്ചിട്ടുള്ളത്.

(പി.ആർ.ഒ./39/536/2022)

## സി എ റ്റി: അപേക്ഷ ഇന്ന് (മെയ് 7) വൈകിട്ട് 4 വരെ

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളും ഇന്റർ സ്കൂൾ സെന്ററും നടത്തുന്ന എം.എ., എം.എസ്.സി., എം.റ്റി.റ്റി.എം., എൽ.എൽ.എം., മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആന്റ് സ്പോർട്ട്സ്, എം.എഡ്., എം.ബി.എ., ബി.ബി.എ.-എൽ.എൽ.ബി. (ഓണേഴ്സ്) - ഇന്റഗ്രേറ്റഡ് തുടങ്ങിയ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശന പരീക്ഷയ്ക്ക് ഇന്ന് (മെയ് 7) വൈകിട്ട് 4 മണി വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് www.cat.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഇതു സംബന്ധിച്ച വിവരങ്ങൾ cat@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലും 0481-2733595 എന്ന ഫോൺ നമ്പറിലും ലഭിക്കും.

(പി.ആർ.ഒ./39/537/2022)

## വെബിനാർ

കോട്ടയം മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ് പഠന-ഗവേഷണ വകുപ്പും ഇൻഡ്യൻ വിദേശകാര്യ മന്ത്രാലയവുമായി സഹകരിച്ച് 'ഇന്ത്യ@75' വിദേശ നയപ്രഭാഷണ പരമ്പരയുടെ ഭാഗമായി 'ഇന്ത്യയും സ്വാതന്ത്ര്യാനന്തര ലോകവും: നയതീരുമാനങ്ങളും വെല്ലുവിളികളും' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ദക്ഷിണ കൊറിയയിലെ മുൻ ഇന്ത്യൻ സ്ഥാനപതിയും ഡൽഹി സർവ്വകലാശാലയിലെ ഈസ്റ്റ് ഏഷ്യൻ സ്റ്റഡീസ് വിഭാഗത്തിലെ വിസിറ്റിംഗ് പ്രൊഫസറുമായ സ്കാന്ദ് രഞ്ജൻ തയാൽ ആണ് പ്രഭാഷണം നടത്തിയത്. പഠന-ഗവേഷണ വകുപ്പിലെ വിദ്യാർത്ഥികൾ, അധ്യാപകർ, ഗവേഷകർ എന്നിവർക്കൊപ്പം ഇന്ത്യയിലെമ്പാടുമുള്ള അക്കാദമിക് സർക്കിളുകളിൽ നിന്നുള്ളവരും പഠന വിഭാഗം മേധാവി ഡോ. സി വിനോദൻ നിയന്ത്രിച്ച പരിപാടിയിൽ പങ്കെടുത്തു.

(പി.ആർ.ഒ./39/538/2022)

## യു.ജി.സി.-നെറ്റ് / ജെ.ആർ.എഫ്. പരീക്ഷാ പരിശീലനം

മാനവിക വിഷയങ്ങൾക്കായുള്ള യു.ജി.സി.-നെറ്റ് / ജെ.ആർ.എഫ്. പരീക്ഷയുടെ ജനറൽ പേപ്പറിനു വേണ്ടിയുള്ള ഓഫ്ലൈൻ പരിശീലന പരിപാടി മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഉടൻ ആരംഭിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ ഓഫീസുമായി നേരിട്ട് ബന്ധപ്പെടുക.

(പി.ആർ.ഒ./39/539/2022)

## നവസംരംഭകർക്ക് വഴി കാട്ടാൻ മഹാത്മാഗാന്ധി സർവ്വകലാശാല

യുവജനങ്ങളിൽ സംരംഭകത്വ താത്പര്യം വളർത്തിയെടുക്കുന്നതിനും, ആധുനിക ശാസ്ത്ര-സാങ്കേതികവിദ്യയുടെ സഹായത്തോടെ സംരംഭകരുടെ ബിസിനസ് ആശയങ്ങളെ സൃഷ്ടിപരമായി പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനും ലക്ഷ്യമിട്ടുള്ള മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഇന്നൊവേഷൻ ഫൗണ്ടേഷൻ പൂർണമായും പ്രവർത്തനസജ്ജമായിക്കഴിഞ്ഞു. വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ റൂസ 2.0 പദ്ധതിയിൽ രൂപീകരിച്ച മഹാത്മാഗാന്ധി സർവകലാശാല ഇന്നോവേഷൻ ഫൗണ്ടേഷനാണ് സ്റ്റാർട്ടപ്പുകൾക്കു പിന്തുണ നൽകുന്ന മികച്ച ഇൻക്യൂബേറ്ററുകളും, ലാബുകളും, കോവർക്കിംഗ്സ്പേസും അനുബന്ധസൗകര്യങ്ങളും ഒരുക്കിയിട്ടുള്ളത്. മെയ് ഒമ്പതിന് സർവ്വകലാശാല ആസ്ഥാനത്ത് നടക്കുന്ന ചടങ്ങിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ്മന്ത്രി ഡോ. ആർ.

ബിന്ദു ഫൗണ്ടേഷൻ ഉദ്ഘാടനം നിർവ്വഹിക്കും. സഹകരണ-രജിസ്ട്രേഷൻ വകുപ്പ്മന്ത്രി വി.എൻ. വാസവൻ ചടങ്ങിൽ അധ്യക്ഷനായിരിക്കും.

സയന്റിഫിക് കോർ ക്ലൗഡ് കമ്പ്യൂട്ടിംഗ് മെഷീൻ ലേണിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സൈബർ സെക്യൂരിറ്റി, ഐ.ഒ.ടി., മൊബൈൽ & വെബ് ആപ്പുകൾ, നാനോ-ടെക്നോളജി, ബയോ ഇൻഫോർമാറ്റിക്സ്, ഡ്രഗ് ഡിസൈൻ സർവീസ് മേഖല തുടങ്ങിയവയിൽ ഒരു ഫിസിക്കൽ അഥവാ വെർച്വൽ യൂണിറ്റായി സ്റ്റാർട്ടപ്പുകൾക്ക് "എം.ജി.യു ഇൻകുബേറ്റഡ് കമ്പനികൾ" ആയി മാറുന്നതിന് വേണ്ട സാങ്കേതിക സൗകര്യങ്ങൾ സർവകലാശാല ഒരുക്കിയിട്ടുണ്ട്. ബാഹ്യ സ്റ്റാർട്ടപ്പുകൾക്കും എം.ജി.യു. ഇൻക്യൂബേഷൻ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

മൊബൈൽ, വെബ് ആപ്പ് ഡെവലപ്മെന്റ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടുകൾ, ആക്സിലറേറ്റഡ് മൊബൈൽ പേജുകൾ (എ.എം.പി.), സിംഗിൾ പേജ് ആപ്ലിക്കേഷൻ, മോഷൻ യു ഐ, ബ്ലോക്ക്ചെയിൻ ടെക്നോളജി, ഇന്റർനെറ്റ് ഓഫ് തിംഗ്സ് തുടങ്ങിയ മേഖലകളിൽ സ്റ്റാർട്ടപ്പുകൾക്കുള്ള പൊതുസൗകര്യങ്ങൾ ആപ്പ്ഫാക്ടറിയും, ഡിജിറ്റൽ സേവന ഇൻകുബേറ്ററും ലഭ്യമാക്കും. ബിസിനസ് അനലിറ്റിക്സും, ചെറുകിടവ്യവസായങ്ങൾ, സർവ്വകലാശാലകൾ, കോളേജുകൾ എന്നിവയെ മോഡലിംഗിലും കംപ്യൂട്ടേഷനിലും ശാക്തീകരിക്കുന്നതിനും ലോകമെവിടെയുമുള്ള വർക്കിംഗ് പ്രൊഫഷനലുകളെ പ്രധാനമായി ഉന്നത പഠനത്തിൽ സഹായിക്കുന്നതിനും ലക്ഷ്യമിട്ട് യു.ജി.സി. അനുമതിയോടെ സർവ്വകലാശാല ആരംഭിച്ച പൂർണ ഓൺലൈൻ ഡിഗ്രികളിലെ വിദ്യാർത്ഥികൾക്ക് മികച്ച കമ്പ്യൂട്ടിങ് സോഫ്റ്റ് വെയർ സപ്പോർട്ടും സാങ്കേതിക സഹായവും റിമോട്ട് ആക്സസിലൂടെ നൽകുന്നതിനും ഇവിടെ കഴിയും. സയന്റിഫിക് കോർ ക്ലൗഡ് കംപ്യൂട്ടിംഗ് സൗകര്യങ്ങളും ഇതിലുണ്ട്. ഡിജിറ്റൽ ലേണിംഗ് ആൻഡ് കണ്ടെന്റ് ക്രീയേഷൻ സ്റ്റുഡിയോയിൽ സാങ്കേതിക വിദ്യാധിഷ്ഠിത അധ്യാപനവും പഠനവും അടക്കമുള്ള സേവനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് വിപുലമായ സൗകര്യങ്ങളും ഉണ്ട്.

നാനോടെക്നോളജി ഇൻകുബേറ്റർ, നാനോ സെല്ലുലോസ് ഗവേഷണത്തിനും മൈക്രോ സെല്ലുലോസ് (എംസിസി) ഉൽപ്പാദിപ്പിക്കുന്നതിനുള്ള പൈലറ്റ്പ്ലാന്റിനും സൗകര്യമൊരുക്കുന്നു. ഫുഡ് സപ്ലിമെന്റുകൾ, ന്യൂട്രാസ്യൂട്ടിക്കൽസ് മേഖലകളിൽ നാനോ സെല്ലുലോസിന്റെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനുള്ള സൗകര്യങ്ങളും ഇതിലുണ്ട്.

നിശ്ചിത എണ്ണം സീറ്റുകൾ സ്റ്റാർട്ടപ്പുകൾക്ക് അനുവദിക്കുന്ന കോവർക്കിംഗ് സ്പേസ് അഥവാ വർക്ക്റൂം ഈ മേഖലകളിലുള്ള സംരഭകർക്കു സൗകര്യമൊരുക്കുന്നു. സാധാരണ ഓഫീസ് സൗകര്യങ്ങളിൽ നിന്ന് വ്യത്യസ്തമായി വ്യത്യസ്ത എണ്ണം സീറ്റുകളാണു സംരംഭകർക്കു നൽകുന്നത്. ആകെ 42 സീറ്റുകൾ കമ്പനികൾക്കു ലഭ്യമാണ്. ആധുനിക ഓഫീസ് സൗകര്യങ്ങൾക്കു പുറമെ അക്സസ്സ് കാർഡ് വഴിമാത്രം പ്രവേശനമനുവധിക്കുന്ന ആധുനിക സുരക്ഷാ സംവിധാനങ്ങളുമുണ്ട്.

ഭൗതിക അടിസ്ഥാനസൗകര്യങ്ങളോടു കൂടിയ ഇൻക്യൂബേഷൻ സൗകര്യങ്ങൾ, സാങ്കേതിക സംവിധാങ്ങളുടേയും ഇൻക്യൂബേറ്ററുകളുടെയും പിന്തുണ സംരഭകർക്കു മാർഗനിർദേശം നൽകുന്ന വിദഗ്ധരുടെ പിന്തുണ, ബിസിനസ് ആസൂത്രണ പിന്തുണ, സംരഭകത്വ പരിശീലന പരിപാടികൾ, വ്യവസായ പങ്കാളിത്ത പദ്ധതികൾ തുടങ്ങിയവയും ഈ സംവിധാനത്തിന്റെ പ്രത്യേകതകളാണെന്ന് വൈസ്ചാൻസലർ ഡോ. സാബു തോമസ് അറിയിച്ചു. റൂസ പദ്ധതിയുടെ ഉടനാരംഭിക്കുന്ന അടുത്ത ഘട്ടത്തിൽ കൂടുതൽ മേഖലകളിൽ ഇൻക്യൂബേഷൻ സൗകര്യങ്ങളും, ഇൻക്യൂബേറ്ററുകളും, സ്ഥാപിക്കുമെന്ന് റൂസ കോ-ഓർഡിനേറ്റർ ഡോ. റോബിനെറ്റ് ജേക്കബ് അറിയിച്ചു.

(പി.ആർ.ഒ./39/540/2022)

## മാറ്റി വച്ച പരീക്ഷ മെയ് 10 മുതൽ

ഈദുൽ ഫിത്തർ പ്രമാണിച്ച് മാറ്റി വച്ച മെയ് മൂന്നിലെ പരീക്ഷകൾ മെയ് 10 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/541/2022)

## പരീക്ഷ മെയ് 16 മുതൽ

ഒന്നാം സെമസ്റ്റർ ഐ.എം.സി.എ (2020 അഡ്മിഷൻ - റെഗുലർ / 2017-2019 അഡ്മിഷനുകൾ - സപ്ലിമെന്ററി), ഡി.ഡി.എം.സി.എ. (2014, 2015, 2016 അഡ്മിഷനുകൾ - സപ്ലിമെന്ററി) ബിരുദ പരീക്ഷകൾ മെയ് 16 ന് ആരംഭിക്കും. പിഴയില്ലാതെ മെയ് ഒമ്പത് വരെയും 525 രൂപ പിഴയോടു കൂടി മെയ് 10 നും 1050 രൂപ സൂപ്പർഫൈനോടു കൂടി മെയ് 11 നും അപേക്ഷിക്കാം.

(പി.ആർ.ഒ./39/542/2022)

## പരീക്ഷാ ഫലം

2021ഫെബ്രുവരിയിൽ നടന്ന മൂന്ന്, നാല് സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.കോം (പ്രൈവറ്റ്) മോഡൽ I (സപ്ലിമെന്ററി, 2012 & 2013 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് മെയ് 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/543/2022)

2021ഫെബ്രുവരിയിൽ നടന്ന മൂന്ന്, നാല് സെമസ്റ്റർ സി.ബി.സി.എസ്. ബി.കോം (പ്രൈവറ്റ്) മോഡൽ I ( 2019 അഡ്മിഷൻ - റെഗുലർ / 2017, 2018 അഡ്മിഷൻ - സപ്ലിമെന്ററി / റീ-അപ്പിയറൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് മെയ് 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/544/2022)

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് 2022 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എൽ.എൽ.എം. എൻവയോൺമെന്റൽ ലോ (ലോ ഫാക്കൽറ്റി, സി.എസ്.എസ്., 2020-2021 ബാച്ച് - റെഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/545/2022)

പി.സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ